# പ്രധാനമന്ത്രിയും ചൈനയുടെ പ്രസിഡണ്ടിന്റെ പ്രത്യേക ദൂതനും കൂടിക്കാഴ്ച നടത്തി

ജൂൺ 09, 2014

ചൈനയുടെ വിദേശകാര്യ മന്ത്രിയും ചൈനയുടെ പ്രസിഡണ്ട് ശ്രീ ഷി ജിൻപിംഗിന്റെ പ്രത്യേക ദൂതനുമായ , ശ്രീ വാംഗ് യിയെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഇന്നു വൈകിട്ട് സ്വീകരിച്ചു . പ്രത്യേക ദൂതനിലൂടെ കേട്ട പ്രസിഡണ്ട് ശ്രീ ഷി ജിൻപിംഗിന്റെ വാചിക സന്ദേശത്തെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഇന്ത്യയിലെ പുതിയ ഗവൺമെന്റുമായി ബന്ധങ്ങൾ ഉണ്ടാക്കുവാന് ചൈനയിലെ ഗവൺമെന്റിനുള്ള താത്പര്യത്തിന്റെ പ്രാധാന്യത്തെ അടിവരയിടുന്നതാണു സന്ദേശം . ഇന്ത്യയ്ക്ക് ലോകത്തോടുള്ള കടമയെ കുറിച്ച്, ചൈനക്കുള്ള യഥാർത്ഥമായ ധാരണയെ സന്ദേശം, ഉറപ്പിക്കുന്നു ഇരു രാജ്യങ്ങളും ആഗ്രഹിക്കുന്ന അവരുടെ വികസന സ്വപ്നങ്ങൾക്ക് വേണ്ടി ഭാവിയിലെ ഉഭയകക്ഷി ബന്ധങ്ങൾക്കായുള്ള ആഗ്രഹവും പ്രതീക്ഷയും അടങ്ങിയതാണ് .

ഈ വർഷം ഇന്ത്യ സന്ദർശിക്കുവാന് ചൈനയുടെ പ്രസിഡണ്ട് ഷി ക്കുള്ള നമ്മുടെ ക്ഷണം പ്രധാനമന്ത്രി പ്രത്യേക ദൂതനോട് ആവർത്തിച്ചു., ചൈന സന്ദർശിക്കുവാന് ചൈനയുടെ പ്രധാനമന്ത്രി ശ്രീ ലി കേഖിയാംഗ് നേരത്തെ നൽകിയ ക്ഷണം പ്രധാനമന്ത്രി സ്വീകരിച്ചു . ഈ സന്ദർശനങ്ങൾക്കും അതോടൊപ്പം ബഹുമുഖ ഉച്ചകോടികളുടെ ഭാഗമായി മറ്റു നേതാക്കന്മാരുടെ വിനിമയങ്ങൾ, കൂടിക്കാഴ്ചകള് എന്നിവയ്ക്ക് ആവശ്യമായ സൌകര്യങ്ങൾ ഒരുക്കുന്നതിന് നയതന്ത്ര വഴികളിലൂടെ ഇരു

വിഭാഗവും പരസ്പരം ബന്ധപ്പെടും
സാമ്പത്തിക പങ്കാളിത്തത്തിലൂടെ ഇരുവശങ്ങൾക്കും പ്രയോജനം ഉള്ള വ്യാപാര നിക്ഷേപങ്ങൾക്കു വേണ്ടി, അയൽരാജ്യമെന്ന നിലയില് തീവ്രവാദത്തെ പ്രതിരോധിക്കുവാൻ കൈകോർക്കുക ,വിശാലമായ ചരിത്ര, ആത്മീയ ബന്ധങ്ങൾ ഉള്ള പുരാതന സംസ്ക്കാരങ്ങളുടെ പിന്മുറക്കാർ എന്ന നിലയില് അനവധി സാംസ്ക്കാരിക വിനിമയങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയിലൂടെ ശക്തവും പുരോഗതിയുമുള്ള ഏഷ്യക്ക് വേണ്ടി ഇന്ത്യയും ചൈനയും തമ്മിൽ വലിയ സഹകരണത്തിനുള്ള സാധ്യതയെ പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

**ന്യൂഡെൽഹി,**
**ജൂൺ 09, 2014**